File No.DFTVM/1986/2020-F2

252

കേരള സർക്കാർ

"ഭരണഭാഷ – മാതൃഭാഷ"

ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി:**22/01/2021**

നം : DFTVM/1986/2020-F2

ഇ-മെയിൽ :fisheriesdirector@gmail.com

**സർക്കുലർ നമ്പർ 1/2021**

വിഷയം :- ഫിഷറീസ് – സഹകരണം – മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ പ്രതിമാസ നിക്ഷേപ പദ്ധതി ആരംഭിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :- 1.ഈ ഓഫീസിൽനിന്നുള്ള 04/05/2017, 23/06/2017 തീയതികളിലെ F2/5578/2017 നമ്പർ സർക്കുലറുകൾ

2.മേഖലാ ഫിഷറീസ് ജോയിന്റ് ഡയറക്ടർമാരുടെ പ്രൊപ്പോസലുകൾ

**********

പ്രാഥമിക മൽസ്യസഹകരണ സംഘങ്ങളുടെ വരുമാനം ഉയർത്തി ,സംഘങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി സംഘം നടത്തിവരുന്ന പ്രതിമാസ നിക്ഷേപ പദ്ധതികളുടെ എണ്ണവും സല തുകയും വർധിപ്പിക്കുന്നതിന് മേഖല രജിസ്ട്രാർമാർ സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളിൽ പ്രതിമാസ നിക്ഷേപ പദ്ധതി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പ്രതിമാസ നിക്ഷേപ പദ്ധതി തുടങ്ങുന്നതിന് ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന അതാത് പ്രദേശത്തെ ഫിഷറീസ് ജോയിന്റ് ഡയറക്ടർമാർ അനുമതി നൽകേണ്ടതാണ്.
2. പ്രതിമാസ നിക്ഷേപ പദ്ധതി തുടങ്ങുന്നതിന് സംഘങ്ങളുടെ ബൈലോയിൽ വ്യവസ്ഥ ഉണ്ടായിരിക്കേണ്ടതാണ് . രജിസ്ട്രാറുടെ അംഗീകാരം ലഭിച്ച ഉപ നിബന്ധനകളിലെ വ്യവസ്ഥകളനുസരിച്ച് മാത്രമേ പ്രതിമാസ നിക്ഷേപ പദ്ധതികൾക്ക് അനുമതി നൽകുവാൻ പാടുള്ളൂ.
3. പ്രതിമാസ നിക്ഷേപ പദ്ധതി ആരംഭിക്കുന്നതിന്റെ അനുമതിയ്ക്കായുള്ള അപേക്ഷയോടൊപ്പം 2% കമ്മീഷൻ ഫിഷറീസ് വകുപ്പിന്റെ വരവ് ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കിയതിന്റെ ചെലാൻ ഹാജരാക്കേണ്ടതാണ്.

4. പുതിയ പ്രതിമാസ നിക്ഷേപ പദ്ധതി ആരംഭിക്കുമ്പോൾ നേരത്തേ പൂർത്തിയായ നിക്ഷേപ പദ്ധതികളിൽ വീഴ്ച വരുത്തിയ നിക്ഷേപകരുടെ പട്ടികയും തുകയും അടങ്ങുന്ന സ്റ്റേറ്റ്മെന്റ്, മുതൽകട സ്റ്റേറ്റ്മെന്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.
5. പ്രതിമാസ നിക്ഷേപ പദ്ധതി തുടങ്ങുമ്പോൾ സംഘത്തിന്റെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യേണ്ടതാണ്. സംഘത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് പരമാവധി 20 പ്രതിമാസ നിക്ഷേപ പദ്ധതികൾക്ക് മാത്രമേ അനുമതി നൽകാൻ പാടുള്ളൂ. ഒരു സല 20,00,000/- (ഇരുപത് ലക്ഷം രൂപ മാത്രം) രൂപയിൽ അധികം ആകരുത്.
6. പ്രതിമാസ നിക്ഷേപ പദ്ധതികൾ അനുവദിക്കുന്ന സംഘങ്ങളിൽ യോഗ്യതയുള്ള മുഴുവൻ സമയ സെക്രട്ടറി ഉണ്ടായിരിക്കേണ്ടതും കുടിശ്ശിക പിരിച്ചെടുക്കുവാൻ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്ന സംഘവും ആയിരിക്കണം. നിക്ഷേപ പദ്ധതിയുടെ രജിസ്റ്ററുകൾ എഴുതേണ്ടതും ഇതുമായി ബന്ധപ്പെട്ട് ചെലാനുകൾ സൂക്ഷിക്കേണ്ടതുമാണ്.
7. ഓരോ മാസവും നിക്ഷേപ പദ്ധതി അനുവദിച്ച സംഘങ്ങളുടെ പേരും നിക്ഷേപ കാലാവധിയും തുകയും അടച്ച കമ്മീഷൻ തുകയും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് തൊട്ടടുത്ത മാസം 10-ാം തീയതിക്ക് മുമ്പായി മേഖലാ ഫിഷറീസ് ജോയിന്റ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
8. പ്രതിമാസ നിക്ഷേപ പദ്ധതിയുടെ അനുവാദം നൽകുന്നതിന് മുമ്പ് യൂണിറ്റുതല ഉദ്യോഗസ്ഥർ സംഘം പരിശോധിച്ച് പദ്ധതിയുടെ സുതാര്യത ഉറപ്പ് വരുത്തി പദ്ധതി തുടങ്ങുന്നതിന് വ്യക്തമായ ശുപാർശ നൽകേണ്ടതാണ്.
9. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കും പ്രവർത്തനങ്ങൾക്കും തടസ്സം വരാതെ സാമ്പത്തിക ഭദ്രതയുള്ള സംഘങ്ങൾക്ക് മാത്രമേ പ്രതിമാസ നിക്ഷേപ പദ്ധതി തുടങ്ങാൻ അനുമതി നൽകാവൂ.
10. ഫിഷറീസ് വകുപ്പിന്റെ റെവന്യൂ ശീർഷകത്തിൽ ഈ ഇനത്തിൽ അടക്കപ്പെടുന്ന തുകയുടെ വിശദ വിവരം എല്ലാ മാസവും നിശ്ചിത പ്രൊഫോർമയിൽ ഫിഷറീസ് ഡയറക്ടറെ അറിയിക്കേണ്ടതാണ്.

കൂടാതെ ഫിഷറീസ് വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളിൽ പ്രതിമാസ നിക്ഷേപ പദ്ധതിയുമായി ബന്ധപ്പെട്ട്, സംഘങ്ങളുടെ സാമ്പത്തിക സ്ഥിതി, സംഘത്തിലെ ഭരണ സംവിധാനം, മുൻ നിക്ഷേപ പദ്ധതികളിലെ കുടിശ്ശിക നിലവാരം എന്നിവ വിലയിരുത്തി ബോധ്യപ്പെട്ടതിനു ശേഷം മാത്രമേ പുതിയ നിക്ഷേപ പദ്ധതികൾ അനുവദിക്കാൻ പാടുള്ളൂ എന്ന വ്യവസ്ഥയിൽ പ്രതിമാസ നിക്ഷേപ പദ്ധതികളുടെ എണ്ണം ഒരു സംഘത്തിനു ഒരു സമയം 20 വരെ എന്നും ഒരു സലയുടെ തുക 20 ലക്ഷം രൂപ വരെയും നിജപ്പെടുത്തി നൽകാവുന്നതാണെന്നും അറിയിക്കുന്നു.

C A LATHA IAS
DIRECTOR OF FISHERIES

1.ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ദക്ഷിണമേഖല, മധ്യമേഖല ,ഉത്തരമേഖല )
2.ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർ (തിരുവനന്തപുരം, കൊല്ലം,എറണാകുളം,തൃശ്ശൂർ , പൊന്നാനി, കോഴിക്കോട്, കണ്ണൂർ)

എല്ലാ പ്രാഥമിക മൽസ്യ സംഘങ്ങൾക്കും.(ഫിഷറീസ് സഹകരണ ഇൻസ്പെക്ടർമാർ മുഖേന.)

സ്റ്റോക്ക് ഫയൽ/ അധിക പകർപ്പ്.